**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5908 25.05.2017 -ൽ മറുപടിക്ക്

**ഉത്തരവാദിത്ത ടൂറിസം പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി. അനിൽകുമാർ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. എൽദോസ് കുന്നപ്പിള്ളി<br>ശ്രീ. കെ.എസ്. ശബരീനാഥൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ; | എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഉത്തരവാദിത്ത ടൂറിസം വ്യാപിപ്പിക്കുന്നതിനുള്ള കർമ്മ പദ്ധതി നടപ്പിലാക്കുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. |
| ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് എന്തെല്ലാം അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ; | ബി) ദേശീയ-അന്തർദ്ദേശീയ അംഗീകാരങ്ങൾ ഉൾപ്പെടെ 10 പുരസ്കാരങ്ങൾ ഉത്തരവാദിത്ത ടൂറിസം പദ്ധതിക്ക് ലഭിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| സി) നിലവിൽ എത്ര ടൂറിസം കേന്ദ്രങ്ങളിൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട് ; വിവരിക്കുമോ? | സി) നിലവിൽ 7 കേന്ദ്രങ്ങളിൽ പദ്ധതി നടപ്പാക്കി വരുന്നു. കുമരകം, തേക്കടി, കോവളം, വൈത്തിരി, അമ്പലവയൽ, കുമ്പളങ്ങി, ബേക്കൽ എന്നിവിടങ്ങളിലാണ് പദ്ധതി നടപ്പാക്കി വരുന്നത്. ഇതിനു പുറമെ ഉത്തരവാദിത്ത ടൂറിസം വിപുലീകരണ പദ്ധതിയിൽ ഉൾപ്പെട്ട 112 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 50 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും "ദൈവത്തിന്റെ സ്വന്തം നാട്, ജനങ്ങളുടെ സ്വന്തം ടൂറിസം" പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട 7 കേന്ദ്രങ്ങളിലും ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

| ക്രമ നം. | പദ്ധതികൾ |
|---|---|
| 1 | ഉത്തരവാദിത്ത ടൂറിസം അന്താരാഷ്ട്ര കോൺഫറൻസ് |
| 2 | ആർ.ടി ഭക്ഷ്യമേളകൾ |
| 3 | അക്സസിബിൾ ടൂറിസം |
| 4 | നാട്ടിൻപുറങ്ങളിൽ ഓണം ഉണ്ണാം, ഓണം സമ്മാനങ്ങൾ വാങ്ങാം |
| 5 | ആർ.ടി സെൽ / ആർ.ടി മിഷൻ |
| 6 | ഏഴ് ജില്ലകളിൽ തദ്ദേശ സ്ഥാപനങ്ങൾക്കായി ബോധവൽക്കരണ പദ്ധതി |
| 7 | ജില്ലാതല ബോധവത്കരണ പദ്ധതി |
| 8 | ഗ്രാമീണ ടൂറിസം പാക്കേജുകൾ |
| 9 | ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ |
| 10 | ഉത്തരവാദിത്ത ടൂറിസം പ്രോൽസാഹനം |
| 11 | ക്ലീൻ വേമ്പനാട് ഇനിഷ്യേറ്റീവ് |
| 12 | വേസ്റ്റ് ഫ്രീ അഷ്ടമുടി പ്രോഗ്രാം |
| 13 | ആർ.ടി. വെബ്സൈറ്റ് |
| 14 | ആർ.ടി. ക്ലാസിഫിക്കേഷൻ |
| 15 | പരിശീലനം |
| 16 | ഉത്തരവാദിത്ത ടൂറിസം ശൃംഘല |
| 17 | ഉത്തരവാദിത്ത ടൂറിസം സാംസ്കാരിക ഫോറം |
| 18 | റിസോഴ്സ് മാപ്പിംഗ് |
| 19 | ആർ.ടി. മാനവശേഷി ഡയറക്ടറി |
| 20 | പങ്കാളിത്ത ആസൂത്രണത്തോടെ ഉത്തരവാദിത്ത ടൂറിസം സർക്യൂട്ട് -വൈക്കം |
| 21 | ഉത്തരവാദിത്ത ടൂറിസം പ്രൊമോഷൻ |

സെക്ഷൻ ഓഫീസർ

അനുബന്ധം - II

| നം. | അവാർഡ് | കാലയളവ് | വിഭാഗം | ഡെസ്റ്റിനേഷൻ |
|---|---|---|---|---|
| 1 | നാഷണൽ ടൂറിസം അവാർഡ് | 2007-08 | ഉത്തരവാദിത്ത ടൂറിസം പദ്ധതി | കേരളാ ടൂറിസം |
| 2 | നാഷണൽ ടൂറിസം അവാർഡ് | 2008-09 | ഉത്തരവാദിത്ത ടൂറിസം പദ്ധതി | കുമരകം |
| 3 | പാറ്റാ ഗ്രാന്റ് അവാർഡ് | 2011 | പരിസ്ഥിതി | കുമരകം |
| 4 | നാഷണൽ ടൂറിസം അവാർഡ് | 2011-12 | ഏറ്റവും മികച്ച ഗ്രാമീണ ടൂറിസം പദ്ധതി | കുമരകം |
| 5 | നാഷണൽ ടൂറിസം അവാർഡ് | 2012-13 | സിവിക് മാനേജ്മെന്റ് ഓഫ് ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ (കാറ്റഗറി സി സിറ്റി) | കുമരകം |
| 6 | യു.എൻ.ഡബ്ല്യു.ടി.ഒ ഉല്ലീസിസ് അവാർഡ് | 2013 | ഇന്നവേഷൻ ഇൻ പബ്ലിക് പോളിസി & ഗവേർണസ് | കുമരകം |
| 7 | പാറ്റാ ഗോൾഡ് അവാർഡ് | 2014 | കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി | കുമരകം |
| 8 | നാഷണൽ ടൂറിസം അവാർഡ് | 2013-14 | ഉത്തരവാദിത്ത ടൂറിസം പദ്ധതി | തേക്കടി |
| 9 | പാറ്റാ സി.ഇ.ഒ – ചലഞ്ച് അവാർഡ് | 2015 | സെക്കന്റ് ടയർ & തേർഡ് ടയർ ടൗൺ /സിറ്റീസ് - തേക്കടി | തേക്കടി |
| 10 | നാഷണൽ ടൂറിസം അവാർഡ് | 2015-16 | ഉത്തരവാദിത്ത ടൂറിസം പദ്ധതി -വയനാട് | വയനാട് |

സെക്ഷൻ ഓഫീസർ